"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. കണ്ണൻ ജി., ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, നീലേശ്വരം, കാസർഗോഡ്, ഫയൽ ചെയ്ത OA No. 485/2021 നമ്പർ കേസിലെ 24.02.2021-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.942/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 03/05/2021**

പരാമർശം:
1. സ.ഉ(പി)3/2017/ഉഭപവ, തീയതി, 25.02.2017.
2. ഗ്രാമവികസന കമ്മീഷണറുടെ 18.02.2021-ലെ 3826/എസ്റ്റാ.ബി3/20/സിആർഡി നമ്പർ നടപടിക്രമം.
3. 19.02.2021-ലെ ശ്രീ. കണ്ണൻ ജി., ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, നീലേശ്വരം, കാസർഗോഡ് സമർപ്പിച്ച അപേക്ഷ. (Annexure A4).
4. ഗ്രാമവികസന കമ്മീഷണറുടെ 22.02.2021-ലെ 3827/എസ്റ്റാ.ബി3/2021/സിആർഡി നമ്പർ നടപടിക്രമം.
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 485/2021-മേലുള്ള 24.02.2021-ലെ ഉത്തരവ്.
6. ഗ്രാമവികസന കമ്മീഷണറുടെ 31.03.2021-ലെ 3827/എസ്റ്റാ.ബി3/2021/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. കണ്ണൻ ജി. കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ ആയി സേവനമനുഷ്ഠിക്കവേ പരാമർശം (2) പ്രകാരം ടിയാനെ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്കിലേയ്ക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ ഇലന്തൂർ ബ്ലോക്കിലേയ്ക്കോ പത്തനംതിട്ട ജില്ലയിലെ മറ്റേതെങ്കിലും ബ്ലോക്കിലേയ്ക്കോ തനിക്ക് നിയമനം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കാത്തതിനാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA No. 485/2021 ഫയൽ ചെയ്യുകയും പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. Annexure A4 അപേക്ഷ പരിഗണിച്ച് രണ്ടു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം (5) പ്രകാരം ബഹു.കോടതി ഉത്തരവായിരുന്നു.

ശ്രീ. കണ്ണൻ ജി.-യെ ഭരണപരമായ സൗകര്യാർത്ഥമാണ് പരാമർശം (2) പ്രകാരം മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്കിലേയ്ക്ക് സ്ഥലംമാറ്റം നൽകിയതെന്നും, നീലേശ്വരം ബ്ലോക്കിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സമർപ്പിച്ച 22.02.2021-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ശ്രീ. ജി. കണ്ണനെ നീലേശ്വരം ബ്ലോക്കിൽ തന്നെ നിലനിർത്തി ഉത്തരവായിരുന്നുവെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ, കോയിപ്പുറം, മല്ലപ്പള്ളി, റാന്നി ബ്ലോക്കുകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്നും ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, ശ്രീ. ജി. കണ്ണന്റെ അപേക്ഷ (Annexure A4) പരിശോധിച്ച്, ടിയാൻ സമർപ്പിച്ചിട്ടുള്ള ഓപ്ഷൻ പ്രകാരം സ്ഥലംമാറ്റം അനുവദിക്കുവാൻ ഗ്രാമ വികസന കമ്മിഷണർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (5) പ്രകാരമുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത കെ.എസ്.**
**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ. കണ്ണൻ ജി., ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, നീലേശ്വരം, കാസർഗോഡ്,
(ഗ്രാമവികസന കമ്മീഷണർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൌണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ